
വ്യത്യസ്ത വാഹനാപകടങ്ങളിൽ രണ്ടുപേർ മരിച്ചു


ജോൺ തോമസ്


അമരേഷ്

ആലപ്പുഴ: ജില്ലയിൽ വ്യത്യസ്ത വാഹനാപകടങ്ങളിൽ രണ്ടുപേർ മരിച്ചു. മണ്ണഞ്ചേരിയിലും കൈതവനയിലുമാണ് അപകടം.

മണ്ണഞ്ചേരി വോൾഗ ജംഗ്ഷനിൽ പിക്കപ്പ് വാനും സ്കൂട്ടറും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ ആലപ്പുഴ തിരുമല വാർഡ് പള്ളാത്തുരുത്തിയിൽ വലിയവീട്ടിൽ അഭയന്റെ മകൻ അമരേഷ് (22) ആണ് മരിച്ചത്. ഇന്നലെ പുലർച്ചയായിരുന്നു അപകടം.

ഇന്നലെ രാവിലെ ആറിന് കൈതവന സ്വാമി ജംഗ്ഷനിൽ കാറിടിച്ച് റോഡ് സൈഡിൽ നിന്നയാൾ മരിച്ചു. കൈതവന ഉമ്മാശേരിൽ ജോൺ തോമസ് (ജോഷി- 62) ആണ് മരിച്ചത്. അമിത വേഗതയിലായിരുന്ന കാർ നിയന്ത്രണം വിട്ട് റോഡ് സൈഡിൽ പാർക്ക് ചെയ്തിരുന്ന സ്കൂട്ടറിലും ഇടിച്ചു. അപകടത്തിൽ സ്കൂട്ടറിന് തീപിടിക്കുകയും ചെയ്തു.

പ്ലസ് വൺ വിദ്യാർഥി ഓടിച്ച ബൈക്കിടിച്ച് വീട്ടമ്മയ്ക്ക് ഗുരുതര പരിക്ക്

എഫ്ഐആറിൽ വിദ്യാർഥിയുടെ പേര് ഒഴിവാക്കിയെന്ന് ബന്ധുക്കൾ

അമ്പലപ്പുഴ: പ്ലസ് വൺ വിദ്യാർഥി ഓടിച്ച ബൈക്കിടിച്ച് വീട്ടമ്മയ്ക്ക് ഗുരുതരപരിക്ക്. എഫ്ഐആറിൽ വിദ്യാർഥിയുടെ പേര് ഒഴിവാക്കിയതായി വീട്ടമ്മയുടെ ബന്ധുക്കൾ. പുറക്കാട് കടപ്ര വീട് മധുവിന്റെ ഭാര്യ ബേബി(49)ക്കാണ് പരിക്കേറ്റത്. പഴയങ്ങാടി ജംഗ്ഷനു സമീപം റോഡരികിൽനിന്ന ബേബിയെ അമിത വേഗതയിൽ ബൈക്കിലെത്തിയ വിദ്യാർഥി ഇടിച്ചുതെറിപ്പിക്കുകയായിരുന്നു. വിദ്യാർഥിയും ബൈക്കുമായി വീണു.

വാരിയെല്ലുകൾ പൊട്ടിയ വീട്ടമ്മയെ പിന്നീട് ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തലയ്ക്ക് രണ്ടു ശസ്ത്രക്രിയകൾ കഴിഞ്ഞ ഇവർ ഐസിയുവിലാണ്. എന്നാൽ, അമ്പലപ്പുഴ പൊലിസ് രജിസ്റ്റർ ചെയ്ത കേസിലെ എഫ്ഐആറിൽ വിദ്യാർഥിയുടെ പേര് ഒഴിവാക്കിയത് വിവാദമായിരിക്കുകയാണ്. പേരെഴുതേണ്ട കോളത്തിൽ അപകടത്തിൽപ്പെട്ട വാഹനത്തിന്റെ നമ്പരാണ് എഴുതിയിരിക്കുന്നത്.

ഫോൺ നമ്പരും ചേർത്തിട്ടില്ല. അപരനാമം എന്ന കോളത്തിൽ ഒന്നും എഴുതിയിട്ടില്ല. മേൽവിലാസമെന്ന കോളത്തിൽ വീട്ടുപേര് ഒഴിവാക്കി അമ്പലപ്പുഴ, ആലപ്പുഴ എന്നാണ് എഴുതിയിരിക്കുന്നത്.എഫ്ഐആർ ഉള്ളടക്കം എന്ന കോളത്തിൽ വാഹനമോടിച്ചയാളിന്റെ വിവരങ്ങൾ ഒഴിവാക്കിയാണ് വിശദീകരണം നൽകിയിരിക്കുന്നത്. വിദ്യാർഥിയെ രക്ഷപെടുത്തുന്നതിനായി അമ്പലപ്പുഴ പോലീസ് നടത്തിയ നീക്കത്തിന്റെ ഭാഗമാണ് ഇതെന്ന് ബേബിയുടെ ബന്ധുക്കൾ ആരോപിച്ചു.

തെരഞ്ഞടുപ്പ് വാഗ്ദാനം: ശമ്പളവും ആനുകൂല്യങ്ങളും പാവങ്ങൾക്ക് നൽകി റെജി ചെറിയാൻ എംഎൽഎ

ആന്റണി ആറിൽചിറ


വേറിട്ട പ്രഖ്യാപനവുമായി കുട്ടനാട്ടിലെ യുഡിഎഫ് സ്ഥാനാർഥി റെജി ചെറിയാൻ

ചമ്പക്കുളം: എംഎൽഎ ആയാൽ തനിക്ക് ലഭിക്കുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും മണ്ഡലത്തിലെ പാവപ്പെട്ട രോഗികൾക്ക് വീതിച്ചുനൽകുമെന്ന് കുട്ടനാട് നിയോജകമണ്ഡലം യുഡിഎഫ് സ്ഥാനാർഥി റെജി ചെറിയാൻ. കേരളത്തിലെ മറ്റേതൊരു പ്രദേശത്തുമുള്ള ജനങ്ങൾ അനുഭവിക്കുന്ന ദുരിതത്തേക്കാൾ വലിയ ദുരിതവും കഷ്ടപ്പാടുമാണ് കുട്ടനാട്ടുകാർ അനുഭവിക്കുന്നത്.

ചമ്പക്കുളം: തെരഞ്ഞെടുപ്പിന് മുൻപ് പ്രഖ്യാപിച്ചതുപോലെ തനിക്ക് ലഭിക്കുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും മണ്ഡലത്തിലെ രോഗികൾക്കും പാവപ്പെട്ടവർക്കും നൽകി കുട്ടനാട് എംഎൽഎ റെജി ചെറിയാൻ. കഴിഞ്ഞ അഞ്ചുമാസങ്ങളിലായി തനിക്ക് ലഭിച്ച ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ചേർത്ത് 1500 രൂപ വീതം 210 രോഗികൾക്ക് 3,15,000 രൂപ വിതരണം ചെയ്തു.

അടിയന്തര ചികിത്സാ സഹായമായി ഒരാൾക്ക് 50,000 രൂപയും നല്കി. കൂടാതെ ഡയാലിസിസ് ചെയ്യുന്ന 75 പേർക്കായി 56,250 രൂപയും വിതരണം ചെയ്തു. വിവാഹ ധനസഹായമായി 35,000 രൂപയും വീടിന്റെ അറ്റുകുറ്റപ്പണിക്കായി 10,000 രൂപയും മറ്റ് സഹായങ്ങളായി 60,200 രൂപയും ചെലവഴിച്ചത് കൂടാതെ ഒരു വീടിന്റെ പണിയും നടത്തിവരുന്നു. കഴിഞ്ഞ അഞ്ചുമാസം കൊണ്ട് ശമ്പള ഇനത്തിൽ ലഭിച്ച 5,26,450 രൂപയാണ് റെജി ചെറിയാൻ എംഎൽഎ മണ്ഡലത്തിൽ വിതരണം ചെയ്തത്.


മലങ്കര ഓർത്തഡോക്സ് സഭ കർഷകരെ ആദരിക്കാനും തൂഫാൻ പ്രവർത്തകർക്ക് പ്രോത്സാഹനം നൽകാനും സംഘടിപ്പിച്ച സമ്മേളനം അഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യുന്നു.

ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന യുവാക്കൾ നന്മയുള്ളവർ: രമേശ് ചെന്നിത്തല

മാന്നാർ: ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ സന്നദ്ധസേവനം നിർവഹിക്കുന്ന യുവാക്കൾ നന്മയുള്ള സമൂഹത്തിന്റെ വക്താക്കളാണെന്ന് അഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു. കർഷകർ നാടിന്റെ നട്ടെല്ലാണെന്നും യുവാക്കൾ കൃഷിയെ ഇഷ്ടപ്പെടുമ്പോൾ നാടിന്റെ ഭാവി ഹരിതാഭമാകുമെന്നും മന്ത്രി പറഞ്ഞു. പരുമല പെരുന്നാളിനോടനുബന്ധിച്ച് മലങ്കര ഓർത്തഡോക്സ് സഭ കർഷകരെ ആദരിക്കാനും തൂഫാൻ പ്രവർത്തകർക്ക് പ്രോത്സാഹനം നൽകാനും സംഘടിപ്പിച്ച സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ അധ്യക്ഷത വഹിച്ചു. സർക്കാരിന്റെ തൂഫാൻ പ്രവർത്തനങ്ങൾക്ക് സഭയുടെ പൂർണപിന്തുണ നൽകുമെന്ന്ബാവ അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, വൈദിക ട്രസ്റ്റി ഫാ.ഡോ. തോമസ് വർഗീസ് അമയിൽ, അത്മായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, സഭാ വർക്കിംഗ് കമ്മിറ്റി അംഗം ജേക്കബ് മാത്യു, പരുമല സെമിനാരി മാനേജർ യാക്കോബ് തോമസ് റമ്പാൻ, ഫാ. സ്റ്റീഫൻ ജോർജ്, സഭാ മാനേജിംഗ് കമ്മിറ്റി അംഗങ്ങളായ ജോജി പി. തോമസ്, സജി മാമ്പ്രക്കുഴി, മത്തായി ടി. വർഗീസ് എന്നിവർ പ്രസംഗിച്ചു.

എംജിഎം എച്ച്എസ്എസ് തിരുവല്ല, എസ്‌വി എച്ച്എസ്എസ് പാണ്ടനാട്, സെന്റ് ബഹനാൻസ് എച്ച്എസ്എസ് വെണ്ണിക്കുളം, സെന്റ് മേരീസ് എച്ച്എസ്എസ് നിരണം, മെട്രോപ്പോലീത്തൻ എച്ച്എസ്എസ് പുത്തൻകാവ്, വൈഎംസിഎ തിരുവല്ലാ സബ് റീജിയൻ എന്നിവർക്കുള്ള തൂഫാൻ വാരിയേഴ്സ് പുരസ്കാരം മന്ത്രി രമേശ് ചെന്നിത്തല വിതരണം ചെയ്തു.

ചെട്ടികാട് മരിയ ഗൊരേത്തി പള്ളിയിൽ ജപമാല റാലി

ചെട്ടികാട്: മരിയ ഗൊരേത്തി പള്ളിയിൽ ജപമാല മാസാചരണത്തിന്റെ ഭാഗമായി ഒരു മാസക്കാലം ഇടവകയിലെ 22 സ്നേഹ സമൂഹങ്ങളിലും ഭവനങ്ങളിലും നടത്തിവന്നിരുന്ന ജപമാല പ്രാർഥന കൂട്ടായ്മ ഇന്ന് സമാപിക്കുന്നു. പരിശുദ്ധ മാതാവിന്റെ തിരുസ്വരൂപവും വഹിച്ച് ജപമാല റാലി വൈകുന്നേരം ആറിന് പള്ളിയിൽ എത്തിച്ചേരും. തുടർന്ന് നടക്കുന്ന ദിവ്യബലിയിൽ ഫാ. സെബാസ്റ്റ്യൻ കുറ്റിവീട്ടിൽ മുഖ്യകാർമികത്വം വഹിക്കും.


ഗ്യാസ്, ഓയിൽ ആൻഡ് ലൂബ്രിക്കന്റ് ഫ്യൂവൽ യൂണിയൻ (ഐഎൻടിയുസി) ജില്ലാ പ്രസിഡന്റ് വൈ. ഹാരിസ്, ജനറൽ സെക്രട്ടറി എൻ ഹരികുമാർ.


സങ്കൽപ്പ് സ്റ്റാർട്ടപ്പ് പദ്ധതി അവതരണത്തിനെത്തിയ വിദ്യാർഥികൾ.

സങ്കൽപ്പ്: മികച്ച സ്റ്റാർട്ട് അപ് ആശയങ്ങൾക്ക് വഴിതുറന്ന് ജില്ലാ ഭരണകൂടം

ആലപ്പുഴ: ജില്ലയുടെ പരമ്പരാഗത തൊഴിൽ മേഖലകളായ കൃഷി, മത്സ്യബന്ധനം, ടൂറിസം, കയർ, മാലിന്യസംസ്കരണം, ഭക്ഷ്യസംസ്കരണം തുടങ്ങിയ മേഖലകൾ അഭിമുഖീകരിക്കുന്ന വെല്ലുവിളികൾക്കു പരിഹാരം കാണാനും പുതിയ സാധ്യതകൾ പ്രയോജനപ്പെടുത്തി യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ ഭരണ കേന്ദ്രത്തിന്റെ സങ്കൽപ്പ് പദ്ധതി മുന്നോട്ട്.

ജില്ലാ കളക്ടർ ഷാജി വി. നായരുടെ നിർദേശപ്രകാരമാണ് പദ്ധതി പുരോഗമിക്കുന്നത്. സ്കൂൾ-കോളജ് വിദ്യാർഥികൾ ഉൾപ്പെടെ 45 വയസ് വരെ പ്രായമുള്ളവർക്ക് പ്രേജക്ട് രജിസ്റ്റർ ചെയ്യാൻ നേരത്തെ അവസരം നൽകിയിരുന്നു. രജിസ്റ്റർ ചെയ്തതിൽ ആലപ്പുഴയുടെ പരമ്പരാഗതമേഖലയുടെ വികസനത്തിന് അനുയോജ്യമായ 25 ഓളം പദ്ധതികൾ തെരഞ്ഞെടുത്ത് ബന്ധപ്പെട്ട വകുപ്പിന്റെ ജില്ലാ ഉദ്യോഗസ്ഥർ അടങ്ങുന്ന സ്ക്രീനിംഗ് കമ്മിറ്റി പരിശോധിച്ച് വിലയിരുത്തുകയും ചെയ്തു. സ്ക്രീനിംഗ് കമ്മിറ്റിയുടെ റാങ്കിംഗിൽ ഒന്ന്, രണ്ട് സ്ഥാനം ലഭിച്ച 18 പേർ പദ്ധതി അവതരണത്തിന് കളക്ടറേറ്റിൽ എത്തി. ക്ഷണം ലഭിച്ചവർ തങ്ങളുടെ സംരഭ ആശയങ്ങൾ കഴിഞ്ഞ ദിവസം കളക്ടറേറ്റിലെത്തി അവതരിപ്പിച്ചു.

ബന്ധപ്പെട്ട ജില്ലാ തല ഉദ്യോഗസ്ഥർ ഈ ആശയങ്ങൾ അഞ്ചു മാനദണ്ഡങ്ങൾ വച്ച് പഠിക്കുകയും ഓരോ സ്റ്റാർട്ടപ് ഐഡിയകളും 100 മാർക്കിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുകയും ചെയ്യും.

തെരഞ്ഞെടുക്കപ്പെടുന്ന സ്റ്റാർട്ടപ്പ് ഐഡിയകളുടെ സാധ്യതകൾ വിലയിരുത്തിയതിനു ശേഷം ഓരോ സംരഭക ആശയങ്ങളും ഏതു സ്കീമുമായി ബന്ധപ്പെടുത്താം എന്ന ചർച്ചയും ഓരോ സ്റ്റാർട്ടപ്പിനും എത്ര സാമ്പത്തിക സഹായം വരെ ലഭിക്കും എന്ന കണ്ടെത്തലും ഉണ്ടാകും. സങ്കൽപ്പ് പദ്ധതിയുടെ കളക്ടറേറ്റിൽ നടന്ന സ്ക്രീനിംഗ് ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ കല ഭാസ്കർ ഉദ്ഘാടനം ചെയ്തു.

ജില്ലാ വ്യവസായന്ദ്രം, ലീഡ് ബാങ്ക്, സ്റ്റാർട്ടപ്പ് മിഷൻ, ബന്ധപ്പെട്ട വകുപ്പുകൾ എന്നിവർ സ്ക്രീനിംഗിനു നേതൃത്വം നൽകി.

തൂഫാനെ അട്ടിമറിക്കുന്ന പൊലിസുകാർ സർവീസിലുണ്ടാകില്ല: ആഭ്യന്തരമന്ത്രി

ഹരിപ്പാട്: ലഹരിവിരുദ്ധ പദ്ധതിയായ ഓപ്പറേഷൻ തൂഫാനെതിരേ നിലപാടെടുക്കുകയോ അട്ടിമറിക്കാൻ ശ്രമിക്കുകയോ ചെയ്യുന്ന ഒരു പൊലിസ് ഉദ്യോഗസ്ഥനും സർവീസിലുണ്ടാകില്ലെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. പദ്ധതി സംസ്ഥാന സർക്കാരിന്റെ മുഖ്യ മുൻഗണനയാണെന്നും വൻ ജനപിന്തുണയോടെയാണ് മുന്നോട്ടു പോകുന്നതെന്നും അദ്ദേഹം പറഞ്ഞു.


ഹരിപ്പാട് സംഘടിപ്പിച്ച തൂഫാൻ 2.0 തദ്ദേശം പദ്ധതി ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യുന്നു.

തൂഫാൻ 2.0 തദ്ദേശം പദ്ധതി ഹരിപ്പാട് ഉദ്ഘാടനം ചെയ്തശേഷം മാധ്യമങ്ങളോടു സംസാരിക്കുകയായിരുന്നു മന്ത്രി. സേനയിലെ 99 ശതമാനം ഉദ്യോഗസ്ഥരും ആത്മാർഥമായാണ് ഇതിൽ പ്രവർത്തിക്കുന്നത്. എന്നാൽ, സേനയിലെ ആരെങ്കിലും കൃത്രിമം കാണിച്ചാൽ രക്ഷയുണ്ടാകില്ലെന്ന മുന്നറിയിപ്പാണ് കൊച്ചിയിലെ സംഭവം നൽകുന്നത്. തൊണ്ടിമുതൽ മാറ്റിയവർക്കെതിരേ അതിശക്തമായ നടപടിയുണ്ടാകും; അങ്ങനെയുള്ളവർ സർവീസിൽ തുടരില്ല.

ചേരാനല്ലൂർ സംഭവത്തിൽ എഡിജിപിയോട് റിപ്പോർട്ട് വാങ്ങി നടപടിയെടുത്തിട്ടുണ്ട്. സ്ഥലംമാറ്റം ശിക്ഷയല്ലെന്നും സേനയിലെ സ്വാഭാവിക നടപടിക്രമം മാത്രമാണെന്നും മന്ത്രി വ്യക്തമാക്കി.

കാലിക്കറ്റ് സർവകലാശാലാ യൂണിയൻ തെരഞ്ഞെടുപ്പിലെ സംഘർഷവുമായി ബന്ധപ്പെട്ട് സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ നടത്തിയ പ്രസ്താവനയ്ക്കെതിരെയും മന്ത്രി പ്രതികരിച്ചു. പാർട്ടി സെക്രട്ടറിയായ എം.വി. ഗോവിന്ദനിൽനിന്ന് ഇതിലും പക്വതയാർന്ന നിലപാടാണ് ജനങ്ങൾ പ്രതീക്ഷിക്കുന്നത്.

കോളജ് യൂണിയൻ തെരഞ്ഞെടുപ്പിൽ അടിയുണ്ടാകുന്നത് പുതിയ കാര്യമല്ല.

ആരടിച്ചാലും അടികൊണ്ടാലും നിയമപരമായനടപടിയുണ്ടാകും.

വിദ്യാർഥികൾ തമ്മിലുണ്ടായ സംഘർഷത്തിൽ പാർട്ടി സെക്രട്ടറി അത്തരം വാക്കുകൾ ഉപയോഗിക്കുന്നത് ശരിയാണോയെന്ന് ജനങ്ങൾ വിലയിരുത്തട്ടെയെന്ന് രമേശ് ചെന്നിത്തല പറഞ്ഞു.

റാങ്ക് പട്ടിക റദ്ദാക്കി

ആലപ്പുഴ: ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ എച്ച്എസ് റ്റി (ഹിന്ദി) ബി/ടി (കാറ്റഗറി.നമ്പർ 249/24) തസ്തികയിലെ തെരഞ്ഞെടുപ്പിനായി നിലവിൽ വന്ന 02/2026/എസ് എസ് ഐ ഐ നമ്പർ റാങ്ക് പട്ടികയിൽ ഉൾപ്പെട്ട മുഴുവൻ ഉദ്യോഗാർഥികൾക്കും നിയമനശിപാർശ നൽകിയതിനാൽ റാങ്ക് പട്ടിക റദ്ദാക്കി.

വൈദ്യുതി മുടങ്ങും

എടത്വ: എച്ച്റ്റി ലൈൻ നിർമാണ പ്രവർത്തനങ്ങളുടെ ഭാഗമായി രാവിലെ ഒൻപതു മുതൽ വൈകുന്നേരം 5.30 വരെ നീരേറ്റുപുറം, കുതിരച്ചാൽ ട്രാൻസ്ഫോർമറുകളിൽ വൈദ്യുതി മുടങ്ങും.

ചക്കുളത്തുകാവ് പൊങ്കാല നവംബർ 24ന്

കൊച്ചി: ചക്കുളത്തുകാവ് ശ്രീ ഭഗവതി ക്ഷേത്രത്തിൽ നവംബർ 24ന് നടക്കുന്ന പൊങ്കാലയ്ക്കുള്ള ഒരുക്കങ്ങൾ തുടങ്ങി. പ്രധാന ചടങ്ങായ കാർത്തിക സ്തംഭം ഉയർത്തൽ 15ന് നടക്കും. 20ന് മന്ത്രി മോൻസ് ജോസഫ് ക്ഷേത്രനടയിൽ നിലവറ ദീപം തെളിക്കും.

24ന് പണ്ടാര പൊങ്കാല അടുപ്പിലേക്ക് ക്ഷേത്ര ട്രസ്റ്റ് പ്രസിഡന്റ് രാധാകൃഷ്ണൻ നമ്പൂതിരി അഗ്നി പകർന്നു പൊങ്കാലയ്ക്ക് തുടക്കം കുറിക്കും. ക്ഷേത്ര കാര്യദർശി മണിക്കുട്ടൻ നമ്പൂതിരിയുടെ അധ്യക്ഷതയിൽ നടക്കുന്ന ചടങ്ങ് മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും. പ്ലാസ്റ്റിക് പൂർണമായി നിരോധിച്ചും ഹരിത ചട്ടങ്ങൾ പാലിച്ചുമാണ് പൊങ്കാലയുടെ ക്രമീകരണങ്ങളെന്ന് ഭാരവാഹികൾ അറിയിച്ചു.

ദർശനത്തിരുനാൾ സന്ദേശ വിളംബര റാലി

തുമ്പോളി: സെന്റ് തോമസ് പള്ളിയിൽ പരിശുദ്ധ അമലോത്ഭ മാതാവിന്റെ 427-ാമത് ദർശനത്തിരുനാളിനു തുടക്കം കുറിക്കുന്ന തിരുനാൾ സന്ദേശ വിളംബര റാലി നവംബർ 27ന് പൂങ്കാവ് അവർ ലേഡി ഓഫ് അസംപ്ഷൻ പള്ളിയിൽനിന്ന് ആരംഭിക്കും. മൂന്നു മാസമായി ജാതിമതഭേദമന്യേയുള്ള ഭവനസന്ദർശനത്തിനും കുടുംബ കൂട്ടായ്മയ്ക്കും സമാപനം കുറിച്ചു കൊണ്ടുള്ള ഈ മഹാറാലി മാതൃദേവാലയത്തിൽ എത്തിച്ചേരും.

തിരുനാൾ ആഘോഷത്തിന്റെ ക്രമീകരണയോഗം നവംബർ അഞ്ചിന് ഉച്ചകഴിഞ്ഞ് മൂന്നിന് പാരിഷ് ഹാളിൽ നടക്കും. എ.ഡി. തോമസ് എംഎൽഎ അധ്യക്ഷത വഹിക്കും. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ പങ്കെടുക്കുമെന്ന് വികാരി ഫാ. പോൾ ജെ. അറയ്ക്കൽ അറിയിച്ചു.

തൂഫാൻ: ഇതുവരെ 10,070 പേർ പിടിയിൽ

ഹരിപ്പാട്: ലഹരി മാഫിയയുടെ വേരറുക്കാൻ ജനകീയ പങ്കാളിത്തത്തോടെ സംസ്ഥാന സർക്കാർ നടപ്പാക്കുന്ന തൂഫാൻ 2.0 തദ്ദേശം പദ്ധതിക്കു തുടക്കമായി. സംസ്ഥാന ആഭ്യന്തര, തദ്ദേശ സ്വയംഭരണ വകുപ്പുകളും ഹരിപ്പാട് നഗരസഭയും ചേർന്നു നടപ്പാക്കുന്ന പദ്ധതി ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു.



തൂഫാൻ 2.0 തദ്ദേശം പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച ജനകീയ യാത്ര.

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി സംസ്ഥാനത്താകെ ഇതുവരെ 13,964 ലഹരി കേസുകളിലായി 10,070 പേരെ അറസ്റ്റ് ചെയ്തതായി മന്ത്രി അറിയിച്ചു. 2584.35 ഗ്രാം എംഡിഎംഎയും 2515.30 കിലോ കഞ്ചാവും പൊലിസും എക്സൈസും ചേർന്ന് പിടിച്ചെടുത്തു.

മദ്യപിച്ചു വാഹനമോടിച്ചതുൾപ്പെടെയുള്ള കുറ്റങ്ങൾക്ക് 14,000 പേർക്കെതിരേ നടപടിയെടുത്തു. എൻഡിപിഎസ് ആക്ട് പ്രകാരം 38 കേസുകൾ രജിസ്റ്റർ ചെയ്തു. ബോധവത്കരണത്തിന്റെ ഭാഗമായി 157 ക്യാമ്പുകൾ നടത്തി.

ലഹരി വ്യാപനം തടയാൻ അതിർത്തി സംസ്ഥാനങ്ങളുമായി ചേർന്നു പ്രവർത്തിക്കുകയാണെന്നും ഇതിന്റെ ഭാഗമായി തമിഴ്നാട് മുഖ്യമന്ത്രി ജോസഫ് വിജയ്, കർണാടക മുഖ്യമന്ത്രി ഡി.കെ. ശിവകുമാർ എന്നിവരുമായി ചർച്ച നടത്തിയതായും മന്ത്രി പറഞ്ഞു. മൂന്നു ഘട്ടങ്ങളിലായി നടപ്പാക്കുന്ന പദ്ധതിയിൽ ജനകീയ പ്രതിരോധത്തിനായി 50 ലക്ഷം തൂഫാൻ വാരിയർമാരെ അണിനിരത്തി. ലഹരി മുക്തിക്കായി 48 സർക്കാർ ആശുപത്രികളിൽ പ്രത്യേക സൗകര്യങ്ങൾ ഒരുക്കിയതായും അദ്ദേഹം വ്യക്തമാക്കി.


ഹരിപ്പാട് നഗരസഭാ ചെയർപേഴ്സൺ വൃന്ദ എസ്. കുമാർ അധ്യക്ഷത വഹിച്ചു. നഗരസഭാ വൈസ് ചെയർപേഴ്സൺ എം.ബി. അനിൽമിത്ര സ്വാഗതം പറഞ്ഞു. മുഖ്യാതിഥിയായ ജില്ലാ കളക്ടർ ഷാജി വി. നായർ തൂഫാൻ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ജില്ലാ പൊലിസ് സൂപ്രണ്ട് ജെ.കെ. വിഷ്ണു പ്രദീപ് ഒപ്പുശേഖരണവും ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർ ഷാജഹാൻ ബാഡ്ജ് വിതരണവും നിർവഹിച്ചു.


നഗരസഭാ സ്ഥിരം സമിതി അധ്യക്ഷരായ മിനി സാറാമ്മ, ഷിബു പഞ്ചവടി, വിജയമ്മ പുന്നൂർമഠം, സജീഷ് പാലത്തും പാടൻ, സി. രാജലക്ഷ്മി, പ്ലാനിംഗ് ബോർഡ് ചെയർപേഴ്സൺ ശ്രീകാന്ത് പി. കൃഷ്ണൻ, ടിഡിബി ഡെപ്യൂട്ടി കമ്മിഷണർ ജയറാം പരമേശ്വരൻ, കുടുംബശ്രീ സിഡിഎസ് ചെയർപേഴ്സൺ സിന്ധു ആർ. നായർ, നഗരസഭാ സെക്രട്ടറി ബി. ഷമീർ മുഹമ്മദ് തുടങ്ങിയവർ പങ്കെടുത്തു. ഉദ്ഘാടനത്തിന് മുന്നോടിയായി ഗാന്ധി സ്ക്വയറിൽ നിന്നു ക്ഷേത്ര ഓഡിറ്റോറിയത്തിലേക്ക് ജനകീയ റാലിയും സംഘടിപ്പിച്ചു. സിഐ ബി. വിനോദ് കുമാർ റാലി ഫ്ലാഗ് ഓഫ് ചെയ്തു.

ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ ചരമവാർഷികാചരണം ഇന്ന്

എടത്വ: ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 118-ാം ചരമവാർഷികാചരണം ഇന്ന് എടത്വ ഫൊറോനാ പള്ളിയിൽ നടക്കും. രാവിലെ ഒൻപതിന് പച്ച-ചെക്കിടിക്കാട് ലൂർദ് മാതാ പള്ളിയിൽ നിന്ന് ആരംഭിക്കുന്ന പദയാത്ര വികാരി ഫാ. ജോസഫ് ചൂളപ്പറമ്പിൽ ഉദ്ഘാടനം ചെയ്യും. 10.30ന് ദൈവദാസന്റെ കബറിടത്തിൽ എത്തിച്ചേരും. 11ന് ചങ്ങനാശേരി അതിരൂപത ആർച്ച്ബിഷപ് മാർ തോമസ് തറയിലിന്റെ മുഖ്യകാർമികത്വത്തിൽ വിശുദ്ധ കുർബാന നടക്കും. തുടർന്ന് കബറിടത്തിങ്കൽ ഒപ്പീസും നേർച്ചഭക്ഷണവും ഉണ്ടായിരിക്കും. വികാരി ഫാ. ജോസഫ് കളരിക്കൽ, പോസ്റ്റുലേറ്റർ ഫാ. റോബി ആലഞ്ചേരി, വൈസ് പോസ്റ്റുലേറ്റർ ഫാ. ടോം ആര്യൻകാല, എസ്എഫ്ഒ അതിരൂപതാ സ്പിരിച്വൽ അസി. ഫാ. അലക്സ് വാച്ചാപറമ്പിൽ എന്നിവർ നേതൃത്വം നൽകും.

അമേയ പി. അരുൺ കുട്ടികളുടെ പ്രധാനമന്ത്രി; ശിവഗംഗ എസ്. നായർ പ്രസിഡന്റ്


അമേയ


ശിവഗംഗ

ആലപ്പുഴ: ശിശുദിനത്തോടനുബന്ധിച്ച് ജില്ലാ ശിശുക്ഷേമസമിതിയുടെ നേതൃത്വത്തിൽ നവംബർ 14ന് നടക്കുന്ന ശിശുദിന റാലി ജ്യോതി നികേതൻ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ നാലാം ക്ലാസ് വിദ്യാർഥി അമേയ പി. അരുണും ടൈനി ടോഡ്സ് ജൂനിയർ സ്കൂൾ ഏഴാം ക്ലാസ് വിദ്യാർഥി ശിവഗംഗ എസ്. നായരും ചേർന്ന് നയിക്കും. കാക്കാഴം അജയ ഭവനിൽ അരുൺ രാജിന്റെയും അഖിലയുടെയും ഏക മകളാണ് അമേയ. ആലപ്പുഴ പൂന്തോപ്പിൽ ശിവം സുരേഷ് കുമാറിന്റെയും നിത്യാ സുരേഷിന്റെയും മകളാണ് ശിവഗംഗ എസ്. നായർ.

സ്കൗട്ട് ദ്വിതീയ സോപാൻ ക്യാമ്പിന് ഇന്നു തുടക്കം

കറ്റാനം: പോപ്പ് പയസ് ഹയർ സെക്കൻഡറി സ്കൂളിൽ ഭാരത് സ്കൗട്ട്സ്ആൻഡ് ഗൈഡ്സിന്റെ ദ്വിതീയ സോപാൻ ക്യാമ്പ് ഇന്നും നാളെയുമായി നടക്കും. ഇന്നു രാവിലെ ഒമ്പതിന് വിളംബര റാലി നടക്കും. തുടർന്ന് സ്കൗട്ട് മാസ്റ്റർ സി.റ്റി. വർഗീസ് പതാക ഉയർത്തും. മാവേലിക്കര രൂപത വികാരി ജനറാൾ മോൺ. ജോബ് കല്ലുവിളയിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്യും. പിടിഎ പ്രസിഡന്റ് സുനിൽ പൊന്നാലയം അധ്യക്ഷത വഹിക്കും. മാവേലിക്കര രൂപത കറസ്പോണ്ടന്റ് ഫാ. ഡാനിയേൽ തെക്കേടത്ത് മുഖ്യപ്രഭാഷണം നടത്തും. നാളെ വൈകുന്നേരം മൂന്നിന് നടക്കുന്ന സമാപനസമ്മേളനം ബ്ലോക്ക് പഞ്ചായത്തംഗം അനു ബിജു ഉദ്ഘാടനം ചെയ്യും. മദർ പിടിഎ പ്രസിഡന്റ് സ്മിത അനിൽ അധ്യക്ഷയാകും.

बैंक ऑफ महाराष्ट्र Bank of Maharashtra

സോണൽ ഓഫീസ്, എറണാകുളം
2-ാം നില, ജി.കെ. ആർക്കേഡ്, പാലാരിവട്ടം ബൈപ്പാസ് ജംഗ്ഷൻ, വെണ്ണല പി.ഒ, എറണാകുളം-682028, ഫോൺ: 0484-4858739.
ഇ-മെയിൽ: legal_ern@bankofmaharashtra.bank.in

സ്ഥാവര വസ്തുക്കളുടെ ലേല വിൽപ്പന നോട്ടീസ്
[2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) നിയമത്തിൻ കീഴിൽ ചട്ടം 8(6) പ്രകാരമുള്ള നോട്ടീസ്]

ഇ-ലേലത്തിന്റെ തീയതി: **18.11.2026** രാവിലെ 11.00 നും ഉച്ചയ്ക്ക് 2.00 നും മദ്ധ്യേ
ലേലം അവസാനിപ്പിക്കുന്നതിന് 5 മിനിട്ട് മുൻപ് ലേല വർദ്ധനവുണ്ടെങ്കിൽ 5 മിനിട്ട് ആട്ടോ നീട്ടൽ

രേഖകൾ സഹിതം നിരതദ്രവ്യം സമർപ്പിക്കുന്നതിനുള്ള അവസാന സമയം: 18.11.2026 രാവിലെ 10.00 മണി വരെ

വസ്തുവകകളുടെ പരിശോധന: 31-10-2026 മുതൽ 17.11.2026 വരെ മുൻകൂർ അനുമതിയോടെ രാവിലെ 11.00 നും വൈകുന്നേരം 4.00 മണിക്കും ഇടയിൽ

കൂടുതൽ വിവരങ്ങൾക്ക് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഫോൺ: 8189960222, ലോ ആഫീസർ: 9952972858

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ റൂൾ പ്രൊവിസോ 8 (6) പ്രകാരമുള്ള സ്ഥാവര വസ്തുവിന്റെ ഇ-ലേല വിൽപ്പന നോട്ടീസ്.
ബാങ്കിൽ പണയപ്പെടുത്തിയ താഴെ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തുക്കൾ ബാങ്ക് ഓഫ് മഹാരാഷ്ട്രയുടെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ, താഴെ പറയുന്ന വായ്പക്കാർ/ജാമ്യക്കാർ കുടിശ്ശിക തുക തിരിച്ചടയ്ക്കാത്തതിനാൽ താഴെ കൊടുത്തിട്ടുള്ള സ്ഥാവര വസ്തുക്കൾ കൈവശമെടുത്തിട്ടുള്ളതാണെന്ന് വായ്പക്കാരെ/ജാമ്യക്കാരെ/ജനങ്ങളെ പൊതുവായും അറിയിച്ചുകൊള്ളുന്നു. വായ്പക്കാർ/ജാമ്യക്കാരിൽനിന്നും ബാങ്ക് ഓഫ് മഹാരാഷ്ട്രയ്ക്ക് ലഭിക്കാനുള്ള കുടിശ്ശിക തുകയും പലിശയും മറ്റു ചെലവുകളും വസൂലാക്കുന്നതിന് വേണ്ടി താഴെ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തുക്കൾ **"ഇപ്പോൾ എവിടെയാണോ" "എങ്ങനെയാണോ" "എന്തൊക്കെയാണോ"** എന്നതിന്റെ അടിസ്ഥാനത്തിൽ വിൽപ്പന നടത്തുവാൻ തീരുമാനി ച്ചിരിക്കുന്നു. വായ്പക്കാർ/ജാമ്യക്കാരുടെ വിശദ വിവരം, കുടിശ്ശിക തുക, സ്ഥാവരവസ്തുവിന്റെ സംക്ഷിപ്ത വിവരണം, നിലവിലെ ബാധ്യത, കൈവശപ്പെടുത്തിയ രീതി, കരുതൽ വില, നിരതദ്രവ്യം എന്നിവ ചുവടെ ചേർക്കുന്നു.

ശാഖ: തിരുവല്ല: വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും: (1). ശ്രീ. ഗിരീഷ്കുമാർ. ബി, ലതിക ഭവൻ, മുട്ടം. പി.ഒ., ഹരിപ്പാട്-695011, **(2). ശ്രീമതി ജിജി തോമസ്**, W/o ഗിരീഷ്കുമാർ, സാധുപുരം ഹൗസ്, വെൺമണി. പി.ഒ., വെൺമണി, ആലപ്പുഴ-689508.

കുടിശ്ശിക തുക: **രൂപ 23,45,235/- (ഇരുപത്തിമൂന്ന് ലക്ഷത്തി നാൽപ്പത്തയ്യായിരത്തി ഇരുന്നൂറ്റി മുപ്പത്തിഅഞ്ച് രൂപ മാത്രം)** 14-02-2022 മുതൽ നിലവിലെ പലിശയും മറ്റ് ചെലവുകളും.

സ്ഥാവര വസ്തുവിന്റെ വിശദ വിവരണം നിലവിലെ ബാധ്യത ഉൾപ്പെടെ: മാവേലിക്കര സബ് രജിസ്ട്രാർ ആഫീസിലെ 1094/2019-ാം നം. വിലയാധാര പ്രകാരം ജില്ലയിൽ, കണ്ണമംഗലം വില്ലേജിൽ, പേള കല്ലേക്കൽ മുക്കിന് സമീപം, ശ്രീ. ഗിരീഷ്കുമാർ പേരിലുള്ള ബ്ലോക്ക് നമ്പർ 11, തണ്ടപ്പേർ നമ്പർ 28788, റീ സർവേ നമ്പർ 196/12-14 ൽ പെട്ട 03.07 ആർ സ്ഥലവും അതിലുള്ള മറ്റ് സകലവിധ ചമയങ്ങളുമാകുന്നു. **അതിരുകൾ: കിഴക്ക്:** ബാക്കി വസ്തു (ബിനുകുമാർ വക വസ്തു); **തെക്ക്:** മോഹനൻ വക വസ്തു; **പടിഞ്ഞാറ്:** ബാക്കി വസ്തു (ബിനുകുമാർ വക വസ്തു); **വടക്ക്:** 3¼ മീറ്റർ വീതിയുള്ള സ്വകാര്യ റോഡ്. നിലവിലെ ബാധ്യത: **ഇല്ല.**

കരുതൽവില: രൂപ 14,00,000/-	നിരതദ്രവ്യം: രൂപ 1,40,000/-	ലേല വർദ്ധന തുക: രൂപ 10,000/-

ലേല വ്യവസ്ഥകളെയും ഉപാധികളെയും പറ്റി കൂടുതൽ അറിയുന്നതിനായി ബാങ്കിന്റെ "https://bankofmaharashtra.in/asset-for-sales-search" എന്ന വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള ലിങ്ക് സന്ദർശിക്കുക. (https:ebkray.in). എന്ന പോർട്ടലിലും ലഭ്യമാണ്.

തീയതി: 30-10-2026
സ്ഥലം: എറണാകുളം.
(ഒപ്) അധികാരപ്പെട്ട ഉദ്യോഗസ്ഥൻ, ബാങ്ക് ഓഫ് മഹാരാഷ്ട്രയ്ക്കുവേണ്ടി

E2610-606554

बैंक ऑफ़ बड़ौदा Bank of Baroda

ആലപ്പുഴ ശാഖ
J & J അവന്യൂ, മുല്ലയ്ക്കൽ, VCSB റോഡ്, MCA പാലത്തിന് സമീപം, ആലപ്പുഴ - 688011, Email: allepp@bankofbaroda.bank.in

സർഫേസി ആക്ട് 2002ലെ 13(2)-ാം വകുപ്പു പ്രകാരം വായ്പക്കാർക്കുള്ള നോട്ടീസ്
To, വായ്പക്കാരൻ : ശ്രീ. അരുൺ കെ. യു, S/o ഉദയകുമാർ, ദേവി നിവാസ്, കൊക്കോതമംഗലം പി.ഒ, തണ്ണീർമുക്കം, ചേർത്തല, ആലപ്പുഴ - 688524

സർ/മാഡം, വിഷയം: ആലപ്പുഴ ശാഖയുമായുള്ള വായ്പ ഇടപാട് സംബന്ധിച്ച്
ഞങ്ങളുടെ 07-05-2024 തീയതിയിലെ ADV/ Retail-00002561427-LMS നം.കത്ത് പ്രകാരം നിങ്ങൾ താഴെ കാണിച്ചിരിക്കുന്ന വായ്പ കൈപ്പറ്റി ഉപയോഗിച്ചിട്ടുള്ളതാകുന്നു. ടി വായ്പയിലെ നിലവിലെ കുടിശ്ശികതുകയും ജാമ്യ വസ്തുക്കളുടെയും വിവരം ചുവടെ ചേർക്കുന്നു.

വായ്പയുടെ സ്വഭാവം	പരിധി രൂപ	29-09-2026 ലെ കുടിശ്ശിക തുക (28-09-2026 വരെയുള്ള പലിശ ഉൾപ്പെടെ)	പലിശ നിരക്ക്
ബറോഡ കാർ ലോൺ (ടേം ലോൺ) Ac. No. 07600600016270	12,51,000/-	രൂപ 10,21,951.90	9.30%

പണയപ്പെടുത്തിയ വസ്തുവിന്റെ സംക്ഷിപ്ത വിവരണം: പണയപ്പെടുത്തിയ കാർ- **സ്കോഡ ഓട്ടോ ഫോക്സ് വാഗൺ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്** - മോഡൽ : **Virtus Comfortline 1.0 TSI MT (Wild Cherry Red)** ; രജിസ്ട്രേഷൻ നം: **KL32W2968** ; ചേസിസ് നം. **MEXB24D26RT032363**; എഞ്ചിൻ നം.**DTB195912**

1. 08-05-2024ലെ ബാങ്കിനോടുള്ള നിങ്ങളുടെ ബാധ്യത കണക്കനുസരിച്ച് **12,51,000/- (പന്ത്രണ്ട് ലക്ഷത്തി അൻപത്തി ഓരായിരം)** രൂപയാണെന്ന് നിങ്ങൾ അംഗീകരിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ തുകയിൽ പലിശയും ഉൾപ്പെടുന്നു.
2. വായ്പയിൽ 10-06-2026 മുതൽ കുടിശ്ശിക തവണകൾ ഉൾപ്പെടെ നിലവിലെ തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതായി നിങ്ങളെ ഓർമപ്പെടുത്തുന്നു.
3. കുടിശ്ശിക തുക തിരിച്ചടക്കുവാൻ വീഴ്ച വരുത്തിയതിനാൽ താങ്കളുടെ അക്കൗണ്ട് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ മാർഗ നിർദ്ദേശപ്രകാരം **08-09-2026** ന് നിഷ്ക്രിയ ആസ്തിയായി (NPA) തരംതിരിക്കപ്പെട്ടിട്ടുള്ളതാണ്. പലതവണ അറിയിച്ചിട്ടും താങ്കൾ കുടിശ്ശിക തുകയും പലിശയും ഇതുവരെ തിരിച്ചടച്ചിട്ടില്ല.
4. ആയതിനാൽ ഒന്നാം ഖണ്ഡികയിൽ പറയുന്ന പ്രകാരം നിഷ്ക്രിയ ആസ്തിയായി മാറിയിട്ടുള്ള കുടിശ്ശിക തുകയായ **രൂപ 10,21,951.90 (പത്ത് ലക്ഷത്തി ഇരുപത്തി ഓരായിരത്തി തൊള്ളായിരത്തി അൻപത്തിയൊന്ന് രൂപ തൊണ്ണൂറ് പൈസ)** യും പലിശയും മറ്റു ചെലവുകളും ഈടാക്കി കിട്ടുന്നതിന് വേണ്ടി സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ഓഫ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ലെ സബ് സെക്ഷൻ (2) സെക്ഷൻ 13 പ്രകാരം 60 ദിവസത്തിനകം കുടിശ്ശിക തിരിച്ചയ്ക്കണമെന്ന് അറിയിച്ചുകൊണ്ട് വായ്പക്കാർക്കും ജാമ്യക്കാർക്കും ഡിമാന്റ് നോട്ടീസുകൾ അയച്ചിട്ടുള്ളതാണ്. നിങ്ങൾ കുടിശ്ശിക തുക തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ ടി ആക്ടിലെ സബ് സെക്ഷൻ (4) സെക്ഷൻ 13 പ്രകാരം മുകളിൽ പറഞ്ഞ ഈടു വസ്തുക്കളിൻമേൽ ബാങ്ക് ഈടവകാശം സ്ഥാപിച്ചെടുക്കുന്നതിനുള്ള അധികാരം വിനിയോഗിച്ച് ടി വസ്തുക്കൾ കൈവശം എടുത്തും വിറ്റും സംഖ്യകൾ ഈടാക്കിയെടുക്കുന്നതാണെന്നുമുള്ള വിവരം താങ്കളെ ഇതിനാൽ തെര്യപ്പെടുത്തികൊള്ളുന്നു.
5. ഒന്നാം ഖണ്ഡികയിൽ പറയുന്ന പ്രകാരം കുടിശ്ശിക മുഴുവനായി തിരിച്ചടക്കുന്നതുവരെ പലിശനിരക്ക് തുടരുന്നതാണ്.
6. ടി ആക്ടിന്റെ സെക്ഷൻ 13 സബ് സെക്ഷൻ (13) പ്രകാരം താങ്കൾ ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള വസ്തു വിൽക്കുകയോ, പാട്ടത്തിന് നൽകുകയോ മറ്റ് യാതൊരു വിധത്തിലുള്ള ക്രയവിക്രയങ്ങളും ചെയ്യരുതെന്ന് ഇതിനാൽ നിങ്ങളെ തെര്യപ്പെടുത്തികൊ ള്ളുന്നു. അതിന് വിരുദ്ധമായി എന്തെങ്കിലും ചെയ്താൽ സെക്ഷൻ 29 പ്രകാരം കുറ്റകരമാണ്.
7. സെക്ഷൻ 13(8) വകുപ്പ് പ്രകാരം വായ്പക്കാർക്ക് ഈടുവസ്തുവിന്മേലുള്ള കുടിശ്ശിക തുകയും പലിശയും മറ്റ് ചെലവുകളും അടച്ച് വസ്തു തിരിച്ചെടുക്കാൻ വസ്തു വിൽപനയുടെ പത്രപരസ്യ തീയതി വരെ സമയം ലഭ്യമാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു. അല്ലാത്തപക്ഷം ക്വട്ടേഷൻ/ടെണ്ടറുകൾ വിളിച്ച് കൊണ്ടോ / സ്വകാര്യ രീതിയിൽ കൂടിയോ വസ്തു പൊതുലേലം ചെയ്യുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു. പത്രപരസ്യത്തിനു ശേഷം ഈട് വസ്തുവിന്മേൽ താങ്കൾക്ക് ഒരു അധികാരവും ഉണ്ടായിരിക്കുന്നതല്ല.
8. ഈ നോട്ടീസ് ബാങ്കിന് ലഭ്യമായിട്ടുള്ള നിയമപരമായ മറ്റ് ഏതൊരു പരിഹാര ക്രിയയ്ക്കും ഹാനിയും, ഊനവും തടസവും കൂടാത്തവിധം പരസ്യപ്പെടുത്തുന്നതാകുന്നു.

സ്ഥലം: ആലപ്പുഴ
തീയതി: 29-09-2026
ഒപ്, ചീഫ് മാനേജർ & അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, ബാങ്ക് ഓഫ് ബറോഡ

E2610-606552